2025 APRIL
03
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ലോക ശതകോടീശ്വര പട്ടിക

# മസ്ക് ഒന്നാമൻ, പട്ടികയിൽ മലയാളികളും

**മുംബൈ:**ഹുറൂൺ അതിസമ്പന്ന പട്ടികയ്ക്കു പിന്നാലെ ഫോബ്സിന്റെ ലോക ശതകോടീശ്വര പട്ടികയിലും ടോപ് 10ൽ നിന്ന് പുറത്തായി റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി. ഇക്കഴിഞ്ഞ മാർച്ച് 7ലെ ഓഹരിവിലകളും കറൻസി വിനിമയനിരക്കും വിലയിരുത്തി ഫോബ്സ് മാഗസിൻ തയാറാക്കിയ 2025ലെ ശതകോടീശ്വര പട്ടികയിൽ 9,250 കോടി ഡോളർ ആസ്തിയുമായി മുകേഷ് അംബാനി 18ാം സ്ഥാനത്താണ്. കഴിഞ്ഞവർഷം ആസ്തി 11,600 കോടി ഡോളറായിരുന്നു.

രണ്ടാമത്തെ വലിയ ഇന്ത്യൻ സമ്പന്നനായ അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയും റാങ്കിങ് നഷ്ടം നേരിട്ട് 28ാം സ്ഥാനത്തെത്തി. ആസ്തി മുൻവർഷത്തെ 8,400 കോടി ഡോളറിൽ നിന്ന് 5,630 കോടി ഡോളറായി. ജിൻഡാൽ ഗ്രൂപ്പ് സാരഥി സാവിത്രി ജിൻഡാലാണ് ഇന്ത്യക്കാരിൽ മൂന്നാമത്; ആസ്തി 3,350 കോടി ഡോളറിൽ നിന്ന് 3,550 കോടി ഡോളറിലെത്തി. എച്ച്സിഎൽ ടെക് സ്ഥാപകൻ ശിവ് നാടാർ (3,450 കോടി ഡോളർ), സൺഫാർമ മേധാവി ദിലിപ് സാംഘ്!വി (2,490 കോടി ഡോളർ) എന്നിവരാണ് ഇന്ത്യക്കാരിൽ യഥാക്രമം മൂന്നു മുതൽ 5 വരെ സ്ഥാനങ്ങളിൽ.

ടെസ്ല, സ്പേസ്എക്സ്, എക്സ് എന്നിവയുടെ മേധാവി ഇലോൺ മസ്ക് തന്നെയാണ് ലോക സമ്പന്നരിൽ ഒന്നാമൻ; ആസ്തി 34,200 കോടി ഡോളർ. ആമസോൺ സ്ഥാപകൻ ജെഫ് ബെസോസിനെ പിന്തള്ളി മെറ്റ മേധാവി മാർക്ക് സക്കർബർഗ് രണ്ടാമതെത്തി. ബെസോസിന് 21,500 കോടി ഡോളറും സക്കർബർഗിന് 21,600 കോടി ഡോളറുമാണുള്ളത്. ആദ്യമായാണ് സക്കർബർഗ് രണ്ടാം സ്ഥാനം നേടുന്നത്.



ഓറക്കിളിന്റെ ലാറി എലിസൺ (19,200 കോടി ഡോളർ), ഫ്രഞ്ച് ഫാഷൻ ബ്രാൻഡ് എൽവിഎംഎച്ചിന്റെ മേധാവി ബെർണാഡ് ആർണോയും കുടുംബവും (17,800 കോടി ഡോളർ) എന്നിവരാണ് യഥാക്രമം നാല്, അഞ്ച് സ്ഥാനങ്ങളിൽ. 10,800 കോടി ഡോളർ ആസ്തിയുള്ള മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സും ടോപ് 10നു പുറത്താണ്; റാങ്ക് 13.

മലയാളികളിൽ ഏറ്റവും സമ്പന്നൻ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി തന്നെ. 550 കോടി ഡോളറാണ് 639ാം റാങ്കിലുള്ള അദ്ദേഹത്തിന്റെ ആസ്തി. ജെംസ് എജ്യുക്കേഷൻ മേധാവി സണ്ണി വർക്കി (390 കോടി ഡോളർ), ഇൻഫോസിസ് സഹസ്ഥാപകൻ എസ്. ഗോപാലകൃഷ്ണൻ (380 കോടി ഡോളർ), ആർപി ഗ്രൂപ്പ് മേധാവി രവി പിള്ള (370 കോടി ഡോളർ), ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് (330 കോടി ഡോളർ) എന്നിവരുമാണ് ടോപ് 5 മലയാളികൾ.

കല്യാൺ ജ്വല്ലേഴ്സ് മാനേജിങ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ (310 കോടി ഡോളർ), ഇൻഫോസിസ് സഹസ്ഥാപകൻ എസ്.ഡി. ഷിബുലാൽ (200 കോടി ഡോളർ), ബുർജീൽ ഹോൾഡിങ്സ് ചെയർമാൻ ഷംസീർ വയലിൽ (200 കോടി ഡോളർ), മുത്തൂറ്റ് ഫിനാൻസ് സാരഥികളായ ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, ജോർജ് ജേക്കബ് മുത്തൂറ്റ്, ജോർജ് തോമസ് മുത്തൂറ്റ്, സാറ ജോർജ് മുത്തൂറ്റ് (190 കോ!ടി ഡോളർ വീതം), വിഗാർഡ് ഇൻഡസ്ട്രീസ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി (130ല കോടി ഡോളർ) എന്നിവരാണ് പട്ടികയിലെ മറ്റു മലയാളികൾ.



# നികുതി യുദ്ധം: ഇന്ത്യക്ക് 26% ഡിസ്കൗണ്ട്

**വാഷിങ്ടൺ:** ഇന്ത്യ ഇറക്കുമതി ചെയ്യുന്നവയിൽ അധിക നികുതി ചുമത്തുന്ന യുഎസ് ഉത്പന്നങ്ങളുടെ പട്ടിക പ്രസിഡൻറ് ഡോണൾഡ് ട്രംപ് പുറത്തുവിട്ടു. ഇതിനു പ്രതികാര നടപടി എന്ന നിലയിൽ ഇന്ത്യയിൽ നിന്ന് യുഎസ് ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്കും അധിക നികുതി പ്രഖ്യാപിച്ചു. എന്നാൽ, ഇതര രാജ്യങ്ങൾക്കുമേൽ ചുമത്തുന്ന റെസിപ്രോക്കൽ താരിഫിനെ അപേക്ഷിച്ച് 26 ശതമാനം ഇളവ് ഇന്ത്യക്കു നൽകിയിട്ടുണ്ട്.

ഈ ദിവസം യുഎസ് വ്യവസായ മേഖല പുനർജനിച്ച ദിവസമായി ഓർമിക്കപ്പെടുമെന്ന് ട്രംപ് പറഞ്ഞു. അമെരിക്കയെ വീണ്ടും സമ്പന്നമാക്കാൻ ഇതിലൂടെ സാധിക്കുമെന്നും ട്രംപ്.

ഇതര രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന മോട്ടോർസൈക്കിളുകൾക്ക് യുഎസ് 2.4 ശതമാനം മാത്രമാണ് നികുതി ചുമത്തുന്നത്. എൻറ്നാൽ, ഇന്ത്യ ഇറക്കുമതി ചെയ്യുന്ന യുഎസ് മോട്ടോർ സൈക്കിളുകൾക്ക് 70 ശതമാനം നികുതി ചുമത്തുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

യൂറോപ്യൻ യൂണിയനും ദക്ഷിണ കൊറിയയും ചൈനയും യുകെയുമെല്ലാം ഉയർന്ന നികുതിയും നിയന്ത്രണങ്ങളുമെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ട്രംപ്.

"ഇന്ത്യയുടെ കാര്യം കടുപ്പമാണ്. പ്രധാനമന്ത്രി യുഎസിൽ വന്നുപോയതേയുള്ളൂ. അദ്ദേഹം എൻറെ സുഹൃത്താണ്. പക്ഷേ, നികുതിയുടെ കാര്യത്തിൽ ഞങ്ങളെ നല്ല രീതിയിലല്ല പരിഗണിക്കുന്നത്", ട്രംപ് വ്യക്തമാക്കി.

# ഗാസയുടെ ഭൂപ്രദേശങ്ങൾ പിടിച്ചെടുക്കും, സൂചന നൽകി ഇസ്രയേൽ

**ജറുസലേം**: ഗാസയുടെ വലിയഭാഗങ്ങൾ പിടിച്ചെടുക്കുന്നതിനായി സൈനികനടപടി വിപുലീകരിക്കുകയാണെന്ന് ഇസ്രയേൽ പ്രതിരോധമന്ത്രി ഇസ്രയേൽ കാറ്റ്സ് അറിയിച്ചു. പിടിച്ചെടുക്കുന്ന പ്രദേശങ്ങൾ ഇസ്രയേലിന്റെ സുരക്ഷാമേഖലയ്ക്കൊപ്പം ചേർക്കും. അതേസമയം നിർദിഷ്ടപദ്ധതിയിലൂടെ ഏതൊക്കെ പ്രദേശങ്ങളാണ് കൂട്ടിച്ചേർക്കുകയെന്നകാര്യം അദ്ദേഹം വ്യക്തമാക്കിയില്ല.

ഗാസയിലെ ഭീകരരുടെ ശക്തികേന്ദ്രങ്ങളും പശ്ചാത്തലസൗകര്യങ്ങളും നശിപ്പിക്കുന്നതിനും അവിടം ശുചീകരിക്കുന്നതിനുമാണ് വലിയൊരു പ്രദേശം ഇസ്രയേൽ പിടിച്ചെടുക്കുന്നതെന്ന് കാറ്റ്സ് പറഞ്ഞു. ഹമാസിനെ ഭീകരസംഘടനയായാണ് ഇസ്രയേൽ കണക്കാക്കുന്നത്. ഹമാസിനെ ഗാസയിൽനിന്നു പുറത്താക്കാനും ശേഷിക്കുന്ന ബന്ദികളെ ഇസ്രയേലിനു വിട്ടുനൽകാനും ഗാസയിലെ പലസ്തീൻകാരോട് കാറ്റ്സ് ആവശ്യപ്പെട്ടു. അതാണ് യുദ്ധം അവസാനിപ്പിക്കാനുള്ള ഏകമാർഗമെന്നും പറഞ്ഞു.പതിറ്റാണ്ടുകളായി ഗാസയുടെ വടക്ക്, കിഴക്ക് അതിർത്തികളിൽ ഇസ്രയേലിന് സുരക്ഷാമേഖലയായുണ്ട്. ഇസ്രയേലിന്റെ സ്വരക്ഷയ്ക്കും അതിർത്തിയിൽ താമസിക്കുന്നവരുടെ സുരക്ഷയ്ക്കും ഗാസയിലെ സുരക്ഷാമേഖല നിർണായകമാണെന്ന് ഇസ്രയേൽ കരുതുന്നു.പലസ്തീൻകാരെ ഗാസയിൽനിന്ന് പുറത്താക്കി അവിടം വിനോദസഞ്ചാരകേന്ദ്രമാക്കാൻ ലക്ഷ്യമിട്ട് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ടുവെച്ച 'ഗാസാപുനരധിവാസപദ്ധതി'യെ ഇസ്രയേൽ പിന്തുണയ്ക്കുന്നുണ്ട്. യുദ്ധാനന്തരം ഗാസയുടെ സുരക്ഷാച്ചുമതല ഇസ്രയേൽ ഏറ്റെടുക്കുമെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ആവർത്തിച്ചിരുന്നു.





# ഉദ്ഘാടനത്തിനൊരുങ്ങി ഇടുക്കിയിലെ കുടിയേറ്റ സ്മാരകടൂറിസം വില്ലേജ്

**ഇടുക്കി:** ആർച്ച് ഡാമിനു സമീപത്തായി നിർമ്മിക്കുന്ന കുടിയേറ്റ സ്മാരക ടൂറിസം വില്ലേജിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഉദ്യാനപദ്ധതിയോട് ചേർന്നുള്ള 5 ഏക്കറിലാണ് വില്ലേജ് നിർമിച്ചിരിക്കുന്നത്. പത്ത് കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന ടൂറിസം വകുപ്പ് 2019 ലാണ് അനുമതി നൽകിയത്. ഒന്നാം ഘട്ടമായി അനുവദിച്ച 3 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ പൂർത്തിയായത്. ഹൈറേഞ്ചിലെ ജനതയുടെ കുടിയേറ്റത്തിന്റെയും കുടിയിറക്കത്തിന്റെയും അതീജീവനത്തിന്റെയും നീണ്ട പോരാട്ടങ്ങളുടെ ചരിത്രത്തിന്റെ ചുരുക്കമായ അനാവരണമാണ് കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്.

ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ ഇടുക്കിയുടെ മലമടക്കുകളിലേക്ക് ആരംഭിച്ച കർഷക കുടിയേറ്റത്തിന്റെയും കുടിയിറക്ക് നീക്കങ്ങളുടെയും തുടർന്നുള്ള ജീവിതത്തിന്റെയും സ്മരണകളുണർത്തുന്ന ശില്പങ്ങളും കൊത്തുപണികളുമടങ്ങിയ ഇടുക്കിയുടെ ഭൂതകാലമാണ് കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്. കുടിയേറ്റ കർഷകന്റെ രൂപമാണ് സ്മാരക വില്ലേജിന്റെ പ്രവേശന കവാടം. ഇവിടെ നിന്നും കരിങ്കല്ല് പാകിയ നടപ്പാതയിലൂടെ മുകളിലേക്ക് നടന്നു കയറിയാൽ 6 ഇടങ്ങളിലായി വിവിധ ശില്പങ്ങളോടു കൂടിയ കാഴ്ചകൾ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. കോൺക്രീറ്റിലാണ് ജീവസ്സുറ്റ പ്രതിമകളും രൂപങ്ങളും നിർമിച്ചിരിക്കുന്നത്. എകെജിയും ഫാദർ വടക്കനും , ഗ്രാമങ്ങളും, കാർഷികവൃത്തിയും, ഉരുൾപൊട്ടലിന്റെ ഭീകരതയുമൊക്കെ ഇവിടെയുണ്ട്. ഏറ്റവും മുകളിലായി സ്മാരക മ്യൂസിയവും അതോടൊപ്പം ഒരു കോഫി ഷോപ്പുമാണ് സജ്ജീകരിച്ചിരിക്കുന്നത്.

കുടിയേറ്റ സ്മാരക ടൂറിസം വില്ലേജിലെ കാഴ്ചകൾ ഏഴു ഇടങ്ങളിലായാണ് സജ്ജീകരിച്ചിരിക്കുന്നത്. ഹൈറേഞ്ചിലേക്കുള്ള കുടിയേറ്റത്തിന്റെ ചരിത്ര സ്മൃതികൾ നിറഞ്ഞു നിൽക്കുന്ന ഇവിടെ മുപ്പത്തി ആറ രയടി ഉയരത്തിൽ നിർമിച്ചിരിക്കുന്ന പ്രവേശനകവാടമാണ് ആദ്യ ആകർഷണം. പാളത്തൊപ്പിയണിഞ്ഞ കർഷകന്റെ രൂപത്തിൽ നിർമിച്ചിരിക്കുന്ന കവാടത്തിൽ ശില്പത്തിന്റെ മധ്യഭാഗത്തിനുള്ളിലൂടെയാണ് അകത്തേക്കുള്ള പ്രവേശനം. അവിടുന്ന് കരിങ്കൽ പാതയിലൂടെ മുന്നോട്ട് നീങ്ങിയാൽ എ.കെ.ജി കർഷകരോട് സംവദിക്കുന്ന കാഴ്ചയാണ് കാണാനാകുന്നത്. കുടിയിറക്കിനെതിരായി നടന്ന ശക്തമായ സമരത്തിൽ കർഷകർ കണ്ണികളായി. ഇതിനു നേതൃത്വം നൽകിയ എകെജി അന്ന് പാർലമെന്റിൽ പ്രതിപക്ഷ നേതാവായിരുന്നു. അക്കാരണത്താൽ തന്നെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കുടിയിറക്ക് സമരങ്ങളെപ്പറ്റി ശ്രദ്ധിക്കാൻ ഇടയാവുകയും എകെജിയുടെ ചുരുളി കീരിത്തോട്ടിലെ നിരാഹാരം അവസാനിപ്പിക്കാൻ ഇടപെടുകയും ചെയ്തു. ഈ സംഭവം ഓർമിപ്പിക്കുന്ന ഒരു ദൃശ്യാവിഷ്കാരം ഇവിടെ കാണാൻ സാധിക്കും. എകെജിയോടൊപ്പം ഫാദർ വടക്കനും അവിടെ സത്യാഗ്രഹമിരുന്നിരുന്നു. അതിന്റെ സ്മരണകളുണർത്തുന്ന ദൃശ്യങ്ങളാണ് അടുത്ത കാഴ്ച. ഒരു ഗ്രാമത്തിലുള്ള ജനങ്ങളോട് സംസാരിക്കുന്ന ഫാദർ വടക്കനെയും അത് നിന്നും ഇരുന്നും ശ്രവിക്കുന്ന ജനങ്ങളെയും ആ നിർമാണത്തിൽ കാണാനാകും. ജീവസുറ്റതാണെന്ന് തോന്നും വിധത്തിലുള്ള മനുഷ്യപ്രതിമകളാണ് ഓരോ കാഴ്ച്ചയിലും. വന്യമൃഗങ്ങളുടെ ആക്രമണങ്ങളോട് പടപൊരുതി ജീവിതം തുടങ്ങിയ പിൻതലമുറക്കാരുടെ ഓർമ്മകൾ വരച്ചു കാണിക്കുന്ന രൂപങ്ങളാണ് അടുത്ത ഇടത്തിൽ നിർമ്മിച്ചിട്ടുള്ളത്. ചെണ്ട കൊട്ടിയും തീ പന്തം കാണിച്ചും കാട്ടാനകളെ കൃഷിയിടങ്ങളിൽ നിന്നും വാസസ്ഥലങ്ങളിൽ നിന്നും ഓടിക്കുന്ന കാഴ്ചയാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ആ കാലഘട്ടത്തിലെ കൃഷിരീതികൾ വിവരിക്കുന്ന ദൃശ്യമാണ് അടുത്തയിടത്ത്. കപ്പയും നെല്ലുമാണ് ആദ്യം കൃഷി ചെയ്തത്. കലപ്പ ഉപയോഗിച്ച് നിലം ഒരുക്കുന്നതും നെല്ല് വിതക്കുന്നതും ഒക്കെ ഈ നിർമാണത്തിൽ കാണാനാകും. പ്രകൃതിദുരന്തങ്ങളാൽ കഷ്ടപ്പെട്ട ജനതയുടെ അനുഭവമാണ് അടുത്ത ദൃശ്യത്തിൽ. ഉരുൾ പൊട്ടിയതിന് ശേഷമുള്ള ഒരു ഗ്രാമത്തിന്റെ നേർചിത്രമാണ് ഇവിടെ വെളിവാകുന്നത്. ഉരുൾ പൊട്ടി മരിച്ചവരുടെ മൃതദേഹവുമായി ഇരിക്കുന്ന സ്ത്രീ, ഉരുണ്ടു പോയ കല്ലുകൾ, രക്ഷപ്രവർത്തനം നടത്തുന്ന ജനങ്ങൾ, തിരച്ചിൽ നടത്തുന്നവർ, വീണു കിടക്കുന്ന മരങ്ങൾ, തകർന്നു പോയ വീടുകൾ, നായ്കളും പൂച്ചകളും തുടങ്ങി ദുരന്തമുഖത്തിന്റെ നേർകാഴ്ച കാണാനാകും. എല്ലാ ദുരിതങ്ങളെയും ദുരന്തങ്ങളെയും അതിജീവിച്ചു ജനങ്ങൾ ഇവിടെ ജീവിതം ആരംഭിച്ചതിന്റെ മാതൃകയാണ് അവസാനത്തെ സ്മാരകം. വീടുകൾ, വ്യാപാരത്തിനായി കാളവണ്ടിയിൽ പോകുന്നവർ, പശു തൊഴുത്ത്, കപ്പയുമായി പോകുന്ന കർഷകൻ, ഉരൽ ഉപയോഗിക്കുന്ന സ്ത്രീ, കളിക്കുന്ന കുട്ടി തുടങ്ങിയ വിവിധതരം കാഴ്ചകൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഒരു മലഞ്ചെരുവിൽ വിവിധ ഗ്രാമങ്ങളായി ചിത്രീകരിച്ചു നിർമാണം പൂർത്തിയായ ശില്പങ്ങൾക്ക് മികച്ച ലൈറ്റ് സംവിധാനവും സജ്ജികരിച്ചിട്ടുണ്ട്. കൂടാതെ ഇരിപ്പിടങ്ങളും പാതയോരങ്ങളിൽ ഒരുക്കിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉദ്യാനവും, കുട്ടികൾക്കായി പാർക്കും ആരംഭിക്കും.

# മാലിന്യമുക്തം നവകേരളം ജില്ലാതല പ്രഖ്യാപനം ഏപ്രിൽ അഞ്ചിന്

**മലപ്പുറം:** മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി മലപ്പുറം ജില്ലയും ക്ലീൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി ജില്ല മാലിന്യമുക്തമായതിന്റെ പ്രഖ്യാപനം മാർച്ച് അഞ്ചിന് മലപ്പുറം കോട്ടക്കുന്ന് ഡി ടി പി സി ഹാളിൽ നടക്കും. മന്ത്രി വി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ എംപിമാർ, എംഎൽഎമാർ, ജില്ലാ കലക്ടർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷർ, സെക്രട്ടറിമാർ, മറ്റു പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.ക്യാമ്പയിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് ജില്ലയിൽ നടന്നു വന്നിരുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും വീടുകളും സ്ഥാപനങ്ങളുമുള്ള മലപ്പുറം ജില്ലയിൽ മാർച്ച് മാസത്തിൽ 10 ലക്ഷത്തിലധികം വീടുകളും സ്ഥാപനങ്ങളും ഹരിത കർമ്മ സേനക്ക് ഹരിത മിത്രം ആപ്പ് വഴി പാഴ് വസ്തുക്കൾ നൽകി.

കൂട്ടായ പ്രവർത്തനത്തിലൂടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പൊതു സ്ഥലങ്ങളിൽ ബിന്നുകൾ വയ്ക്കുകയും പൊതു ഇടങ്ങൾ, വഴിയോരങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ശുചിത്വ പദവി നിലനിർത്തുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പാക്കുന്നതിനും സുസ്ഥിര സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും ഊർജിതമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ തുടർന്നും നടപ്പാക്കും.

# റൺഫോർ ഓട്ടിസം വാക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു

**ഇരിങ്ങാലക്കുട:** ലോക ഓട്ടിസം ബോധവത്കരണ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം റൺ ഫോർ ഓട്ടിസം വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. ഇരിങ്ങാലക്കുട ടൗൺഹാളിൽ നിന്ന് ആരംഭിച്ച വാക്കത്തോൺ അയ്യങ്കാവ് മൈതാനിയിൽ സമാപിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് വിശിഷ്ടാതിഥിയായി. ഇരിങ്ങാലക്കുട ബി ആർ സി, പ്രതീക്ഷ ഭവൻ, നിപ്മർ സ്പെഷ്യൽ സ്കൂൾ തുടങ്ങിയ സ്കൂളിലെ വിദ്യാർഥികളാണ് വാക്കത്തോണിൽ പങ്കെടുത്തത്.

ഓട്ടിസം ഉൾപ്പെടെ നാഡീ സംബന്ധമായ പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന വിധത്തിലുള്ള ഉൾചേർക്കൽ ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു. സാമൂഹികനീതി വകുപ്പിന്റെ ആഭിമുഖത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ കേന്ദ്രങ്ങളിലും റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ഉണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ ഇടപെടലുകൾ നടത്തി പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ശരിയായ പരിശീലനം നൽകുന്നതിനും ഇത്തരം കേന്ദ്രങ്ങൾ സഹായകമാണെന്നും മന്ത്രി പറഞ്ഞു.

ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, നിപ്മർ എക്സിക്യൂട്ടീവ് ഡയറക്ടർ സി ചന്ദ്രബാബു, ഇരിങ്ങാലക്കുട ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ശിവദാസൻ, സെന്റ് ജോസഫ് കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ പി ഡി സിജി, ഇരിങ്ങാലക്കുട കോപ്പറേറ്റീവ് ഹോസ്പിറ്റൽ ചെയർമാൻ എം പി ജാക്സൺ, നിപ്മർ റിസർച്ച് കോഡിനേറ്റർ ആൻഡ് ഡയറ്റീഷ്യൻ ആർ മധുമിത, ബി.ആർസി പ്രതിനിധികൾ, കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്രൈസ്റ്റ് കോളേജ്,സെന്റ് ജോസഫ് കോളേജ്, പ്രതീക്ഷ ഭവൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് വാക്കത്തോൺ സംഘടിപ്പിച്ചത്.

# കർഷക ഉൽപ്പാദക സംഘങ്ങൾക്ക് ധനസഹായത്തിന് അപേക്ഷിക്കാം

**ഇടുക്കി:** ഹോർട്ടികൾച്ചർ മേഖലയിൽ പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കൃഷി വകുപ്പ് ധനസഹായം നൽകുന്നു. കേരള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, 'ആത്മ' , ഹോർട്ടികൾച്ചർ മിഷൻ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക.ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്കുകളിൽ രൂപീകരിച്ച രജിസ്റ്റർ ചെയ്ത് ഒരു വർഷം തികഞ്ഞ കർഷക ഉൽപ്പാദക സംഘങ്ങൾ , ജില്ലകളിൽ വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ ധനസഹായം ലഭിക്കാത്തതുമായ രജിസ്റ്റർ ചെയ്ത് മൂന്ന് വർഷം തികഞ്ഞ കർഷക ഉൽപാദക കമ്പനികൾ എന്നിവർക്ക് അപേക്ഷിക്കാം.

പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, കശുമാവ് ഉൾപ്പടെയുള്ള പ്ലാന്റേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ. കൂൺ തുടങ്ങിയ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപന്ന നിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക് ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ, മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവക്കാണ് പ്രോജക്ട് അധിഷ്ഠിത സഹായമായി ആനുകൂല്യം നൽകുക. നിബന്ധനയോടെ ലോൺ ലിങ്ക് ചെയ്ത് പ്രോജക്ട് ചെലവിന്റെ 80 ശതമാനം സഹായമായി അനുവദിക്കും. അപേക്ഷയും പ്രോജക്ടിന്റെ സംക്ഷിപ്തരൂപവും ഏപ്രിൽ എട്ടിനകം ആത്മ ഇടുക്കിയുടെ ഓഫീസിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04862228188, 7907057141, 9400168853.

# നാഷണൽ പെൻഷൻ സ്കീം ഫോർ ട്രേഡേഴ്സ്

**ഇടുക്കി:** വാർഷിക വിറ്റുവരവ് 1.5 കോടി രൂപയിൽ കൂടാത്ത വ്യാപാരികൾ/കടയുടമകൾ,സ്വയം തൊഴിൽ ചെയ്യുന്നവർ കുടാത്ത ചില്ലറ എന്നിവരുടെ വാർദ്ധക്യസംരക്ഷണത്തിനും സാമൂഹിക സുരക്ഷയ്ക്കും വേണ്ടിയുള്ളതാണ് പദ്ധതി. ഈ പദ്ധതിയിലൂടെ വ്യാപാരികൾക്ക് 60 വയസ് പൂർത്തിയാകുമ്പോൾ പ്രതിമാസം 3000/ രൂപ പെൻഷൻ ലഭിക്കും.

18 മുതൽ 40 വയസ് വരെ പ്രായമുള്ള കടയുടമകൾ, ചില്ലറ വ്യാപാരികൾ, അരി/എണ്ണ മിൽ ഉടമകൾ, വർക്ക് ഷോപ്പ് ഉടമകൾ, കമ്മീഷൻ ഏജന്റുമാർ, ചെറുകിട ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ലഘുവ്യാപാരികൾ മറ്റു തുടങ്ങിയവർക്ക് ഈ പദ്ധതിയിൽ അംഗമാകാം. വ്യാപാരികൾ ഇപിഎഫ്/എൻപിഎസ് /ഇഎസ്ഐ തുടങ്ങിയ മറ്റ് പെൻഷൻ പദ്ധതികളിൽ അംഗമല്ലാത്തവർ ആയിരിക്കണം. അപേക്ഷകൻ ആദായ നികുതി ദാതാവായിരിക്കരുത്. അപേക്ഷകൻ ആധാർ കാർഡ്, സേവിംഗ്സ് ബാങ്ക് അക്കൗണ്ട്/ ജൻധൻ അക്കൗണ്ട് വിവരങ്ങളുമായി അടുത്തുള്ള കോമൺ സർവീസ് സെന്റർ വഴി രജിസ്ട്രേഷൻ നടത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ താലൂക്കുകളിലെയും അസിസ്റ്റന്റ് ലേബർ ഓഫീസുമായി ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആലപ്പുഴയെ അന്താരാഷ്ട്ര ജലടൂറിസം കേന്ദ്രമാക്കാൻ ആലപ്പുഴ എ ഗ്ലോബൽ വാട്ടർ വണ്ടർലാൻഡ്

**ആലപ്പുഴ:** സ്വദേശ് ദർശൻ 2.0 പദ്ധതിക്ക് കീഴിൽ ആലപ്പുഴയെ ലോകോത്തര ജല വിനോദസഞ്ചാര കേന്ദ്രമായി ഉയർത്താനുള്ള പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതായി ജില്ലാ കളക്ടർ അലക്സ് വർഗീസ് അറിയിച്ചു . സംസ്ഥാന

സർക്കാർ തയ്യാറിക്കിയ ആലപ്പുഴ എ ഗ്ലോബൽ വാട്ടർ വണ്ടർലാൻഡ് എന്ന പദ്ധതിക്ക് 93.177 കോടി രൂപയാണ് കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ചത്. ഇതിന്റെ ആദ്യ ഗഡുവായി 9.3177 കോടി രൂപ നീക്കിവച്ചു . ജില്ലയിലെ പ്രധാന വിനോദ സഞ്ചാരാകർഷണ കേന്ദ്രങ്ങളായ ആലപ്പുഴ ബീച്ച്, കനാൽ തീരങ്ങൾ, അന്താരാഷ്ട്ര ക്രൂയിസ് ടെർമിനൽ എന്നിവയെ ഉന്നത നിലവാരത്തിലേക്ക് മാറ്റുന്നതിനുള്ള വികസനവും നവീകരണവുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ആലപ്പുഴ ബീച്ചിനെ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കാൻ 24.45 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇരിപ്പിടങ്ങൾ, നടപ്പാതകൾ, ദീപാലങ്കാരങ്ങൾ, ലാൻഡ് സ്കേപ്പിങ്, സൂചന ബോർഡുകൾ, പാർക്കിംഗ് ഗ്രൗണ്ട് , പ്രദർശന വേദികൾ, കോസ്റ്റ് ഗാർഡ് സ്റ്റേഷനുകൾ, കായിക വേദികൾ, സി സി ടി വികൾ , മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവയെല്ലാമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആലപ്പുഴയുടെ ജീവനാഡിയായ കനാലുകളുടെ കരകൾ നവീകരിക്കുന്നതിന് 37 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. നടപ്പാതകൾ, ഇരിപ്പിടങ്ങൾ, ദീപാലങ്കാരങ്ങൾ, പ്ലാസകൾ, ബോട്ട് ഡോക്കുകൾ, കഫേകൾ , ബോട്ട് ജെട്ടിയുടെ വികസനം, പൊതു ജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ, സൂചന ബോർഡുകൾ, സി സി ടി വികൾ ,മാലിന്യ സംസ്കരണ സംവിധാനങ്ങൾ ലാൻഡ് സ്കേപ്പിങ് എന്നിവയാണ് ഇതിലെ പ്രധാന ഘടകങ്ങൾ.

പുന്നമട ഫിനിഷിംഗ് പോയിന്റിലെ ബോട്ട് ടെർമിനൽ കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴയുടെ വലിയ ആകർഷണമാണ്. ഇവിടെ 8.5 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .പാർക്കിംഗ്, മറീന എക്സ്പീരിയൻസ് സെന്റർ , ഇൻഫർമേഷൻ കിയോസ്ക്കുകൾ ജല സാഹസിക വിനോദ കേന്ദ്രങ്ങൾ, ഭക്ഷണ ശാലകൾ, ശുചിമുറികൾ തുടങ്ങിയവ വരുന്നതോടെ ധാരാളം പരിപാടികൾക്ക് കേന്ദ്രബിന്ദുവായി ബോട്ട് ടെർമിനൽ മാറും. കൂടാതെ സോഫ്റ്റ് ഇന്റർവെൻഷനായി (ഡിജിറ്റൽ ആൻഡ് സ്മാർട്ട് ടൂറിസം, സാംസ്കാരിക പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ , പാരിസ്ഥിതിക സുസ്ഥിരത തുടങ്ങിയവക്ക്) നാല് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഡയറക്ടർ ഡോ. മനോജ് കിനിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 10 എംപ്ലാൻ വിദ്യാർഥികളാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത്.




# പച്ചക്കറി കൃഷിക്കാരെ കൃഷി മന്ത്രി ആദരിച്ചു

**കണ്ണൂർ:** കൃഷി വകുപ്പുമായി സഹകരിച്ച് വെള്ളൂർ സെൻട്രൽ ആർട്സിന്റെ 45ാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഏറ്റെടുത്ത എന്റെ ഗ്രാമം പച്ചക്കറി ഗ്രാമം പദ്ധതിയുടെ ഭാഗമായി മികച്ച പച്ചക്കറി കൃഷിക്കാർക്കുള്ള ആദര സമ്മേളനം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്തു. മനുഷ്യന്റെ വിശപ്പിന് വൻകിട കോർപറേറ്റുകൾ വിലയിടുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സ്മാർട് ഫാമിങ്ങ് അവലംബിക്കുന്നതോടൊപ്പം കർഷകരെക്കൂടി കൂടുതൽ ചേർത്തുനിർത്തണമെന്നും മന്ത്രി പറഞ്ഞു. പരിപാടിയിൽ പച്ചക്കറി സ്റ്റാളും മില്ലറ്റ് ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപനയും ഒരുക്കിയിരുന്നു. സംഘാടകസമിതി ചെയർമാൻ വി. നാരായണൻ അധ്യക്ഷനായി. മുൻ എം എൽ എ സി.കൃഷ്ണൻ, പ്രോഗ്രാം കമ്മിറ്റി കൺവീനർ വി.കെ.കൃഷ്ണൻ, കൃഷി ഓഫീസർമാരായ കെ.പി.ജ്യോതി, ഷീന, പി.വി. മനോജ് തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് സെൻട്രൽ ആർട്സ് വനിതാവേദിയുടെ ജീവിതം തന്നെ ലഹരി എന്ന സംഗീത ശിൽപവും സനേഷ് വരീക്കര, അനിൽകുമാർ പെരളം എന്നിവർ അവതരിപ്പിച്ച നാടൻപാട്ടും അരങ്ങേറി.

# ചൂരൽമല മുണ്ടക്കൈ ദുരന്തം: കാണാതായവരുടെ ലിസ്റ്റ് അംഗീകരിച്ചു

**തിരുവനന്തപുരം:** ചൂരൽമല മുണ്ടക്കൈ ദുരന്തത്തിൽ പെട്ട് കാണാതായവരുടെ ലിസ്റ്റ് അംഗീകരിച്ചു. ഇതുവരെയും തിരിച്ചറിയാത്ത 32 പേരുടെ ലിസ്റ്റാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത്. ദുരന്തത്തിൽ ഉൾപ്പെട്ട 231 മൃതദേഹങ്ങളും 223 മൃതദേഹ ഭാഗങ്ങളും അടക്കം മൊത്തം 454 മൃതദേഹം/ഭാഗങ്ങൾ ആണ് ഇതുവരെ കണ്ടെടുത്തത്. ഇതിൽ ആദ്യ ദിവസം തിരിച്ചറിഞ്ഞ് ബന്ധുക്കൾക്ക് വിട്ടുകൊടുത്ത 19 മൃതദേഹങ്ങളും ഡി.എൻ.എ സാമ്പിളുകൾ ശേഖരിക്കാൻ കഴിയാത്ത 3 മൃതദേഹ ഭാഗങ്ങളും ഒഴികെ ബാക്കി 432 മൃതദേഹം/ഭാഗങ്ങളിൽ നിന്നും ഡി.എൻ.എ സാമ്പിളുകൾ ശേഖരിച്ചിരുന്നു. കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലാണ് ആദ്യ ഘട്ടത്തിൽ ഡി.എൻ.എ സാമ്പിളുകളുടെ പരിശോധന നടത്തിയത്. 223 മൃതദേഹം/ഭാഗങ്ങൾ അവിടെ നടത്തിയ പരിശോധനയിൽ തിരിച്ചറിഞ്ഞു. ഇതിലൂടെ 77 പേരെ തിരിച്ചറിയാൻകഴിഞ്ഞിരുന്നു. കണ്ണൂർ ഫോറൻസിക് സയൻസ് ലാബിൽ തിരിച്ചറിയാൻ കഴിയാതിരുന്ന 209 മൃതദേഹം/ഭാഗങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിലേക്കു പരിശോധനക്കയച്ചു അവിടെ നടത്തിയ പരിശോധനയിൽ ദുരന്തത്തിൽ കാണാതായ 22 പേരെ കൂടി തിരിച്ചറിഞ്ഞു. 99 പേരെ ഡി.എൻ.എ പരിശോധനയിലൂടെയാണ് തിരിച്ചറിഞ്ഞത്. ദുരന്തത്തിൽ മരണപ്പെട്ട 167 പേരെ ബന്ധുക്കൾ തിരിച്ചറിഞ്ഞിരുന്നു. മൊത്തം 266 പേരെ തിരിച്ചറിഞ്ഞു. ദുരന്തത്തിൽ ഉൾപ്പെട്ട് കാണാതായ ബാക്കിയുള്ള 32 പേരുടെ ലിസ്റ്റാണ് ഡി.ഡി.എം എ അംഗീകരിച്ചത്. ദുരന്തത്തിൽ 298 പേർ മരിച്ചതായാണ് കണക്കാക്കുന്നത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെള്ളരി മല വില്ലേജ് ഓഫീസർ, മേപ്പാടി പഞ്ചായത് സെക്രട്ടറി, മേപ്പാടി സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവർ ചേർന്ന് തയാറാക്കിയ ലിസ്റ്റാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത്. ലിസ്റ്റ് ആഭ്യന്തരവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി, റെവന്യൂ & ദുരന്ത നിവാരണം പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അടങ്ങിയ സംസ്ഥാനതല സമിതി പരിശോധിക്കും. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരെ ദുരന്തത്തിൽ മരണപെട്ടവരായി കണക്കാക്കി സർക്കാർ ഉത്തരവ് ഉടൻ പുറപ്പെടുവിക്കും. സർക്കാർ ഉത്തരവിന്റ അടിസ്ഥാനത്തിൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നൽകിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇവരുടെ ബന്ധുക്കൾക്ക് നൽകും. ഇവരുടെ മരണം രജിസ്റ്റർ ചെയ്യാൻവേണ്ട നടപടിക്രമങ്ങളും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ മരണം രജിസ്റ്റർ ചെയ്തു മരണസർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്.

# ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം അനുവദിയ്ക്കും മന്ത്രി

**തിരുവനന്തപുരം:** ഉഷ്ണതരംഗം മൂലം ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യാൻ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർദേശം നൽകി. സംസ്ഥാനം ഒട്ടാകെ വേനൽ കടുക്കുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ ഓൺലൈനായി കൂടിയ ഉന്നതതല ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിയ്ക്കുകയായിരുന്നു മന്ത്രി.

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ മൃഗസംരക്ഷണഓഫീസർമാരും ക്ഷീരവികസന വകുപ്പിലെ ജില്ലാതല ഓഫീസർമാരും മിൽമയുടെ മൂന്നു മേഖലകളിലെയും ചെയർമാന്മാരും യോഗത്തിൽ പങ്കെടുക്കുകയും വിവിധ ജില്ലകളിലെ സാഹചര്യം വിശദീകരിയ്ക്കുകയും ചെയ്തു. ഉഷ്ണതരംഗം മൂലം വിവിധ ജില്ലകളിൽ കന്നുകാലികളുടെ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അവിടങ്ങളിൽ നിന്നും പോസ്റ്റ്മോർട്ടം ഉൾപ്പെടയുള്ള രേഖകൾ അടിയന്തിരമായി ക്രോഡീകരിച്ചു കർഷകർക്ക് നഷ്ടപരിഹാരം ഉടൻ തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി നിർദേശിച്ചു. 202324 സാമ്പത്തിക വർഷത്തിൽ മിൽമ തിരുവനന്തപുരം മേഖല യൂണിയന്റെ നേതൃത്വത്തിൽ ഉഷ്ണകാലത്തു പ്രത്യേകമായി നടപ്പിലാക്കിയ വേനൽക്കാല ഇൻഷുറൻസ് പദ്ധതി വഴി 34000 ഓളം കന്നുകാലികളെ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്താൻ സാധിച്ചുവെന്നും അത് വഴി 1.18 കോടി രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സമാന രീതിയിൽ 2024 25 വർഷത്തിൽ 36000 ഓളം കന്നുകാലികൾക്ക് വേനൽക്കാല ഇഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കൂടാതെ മിൽമ മലബാർ മേഖല വഴി 202324 വർഷത്തിൽ 38588 പശുക്കളെയും,2024 25 വർഷത്തിൽ 40668 പശുക്കൾക്ക് വേനൽക്കാല ഇഷുറൻസ് പരിരക്ഷ ഉറപ്പാക്കുകയും 1.62 കോടി രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.മിൽമ എറണാകുളം മേഖല വഴി 25000 കന്നുകാലികളെ വേനൽക്കാല ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും 45 ലക്ഷം രൂപ നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്യുവാൻ കഴിഞ്ഞെന്നും മന്ത്രി അറിയിച്ചു. വിവരാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി മൃഗസംരക്ഷണ വകുപ്പ് മുഖേന ക്ഷീര കർഷകർക്ക് അവരുടെ പ്രദേശങ്ങളിലെ താപനില സംബന്ധിച്ച മുന്നറിയിപ്പുകൾ എസ് എം എസ്സിലൂടെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്കു മന്ത്രി നിർദേശം നൽകി.



# എന്റെ കേരളം പ്രദർശന വിപണന മേള; ഒരുങ്ങുന്നത് നൂറ് കണക്കിന് പ്രദർശന വിപണന സേവന സ്റ്റാളുകൾ

**കോഴിക്കോട്:** സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് ബീച്ചിൽ മെയ് 3 മുതൽ 12 വരെ സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയിൽ ഒരുങ്ങുന്നത് വൈവിധ്യമാർന്ന പ്രമേയങ്ങളും ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന നൂറുകണക്കിന് സ്റ്റാളുകൾ. മേളയിൽ വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ചേർന്നൊരുക്കുന്ന തീം, സേവന സ്റ്റാളുകളിലെ ഉള്ളടക്കം, ഡിസൈൻ, അവതരണ രീതി തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും മേധാവികൾ യോഗത്തിൽ പങ്കെടുത്തു.

വിവിധ മേഖലകളിൽ കൈവരിച്ച വികസന പദ്ധതികൾ മികവോടെ അവതരിപ്പിക്കുന്നതിനോടൊപ്പം സർക്കാർ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ സ്റ്റാളുകളിൽ അവസരമൊരുക്കണമെന്ന് ജില്ലാ കലക്ടർ പറഞ്ഞു. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് സ്റ്റാളുകളിൽ അവസരമൊരുക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന സ്റ്റാളുകൾ മേളയിലുണ്ടാവും. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുന്ന രീതിയിൽ മേള ആസൂത്രണം ചെയ്യണമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

സൗജന്യ ജലം, മണ്ണ് പരിശോധന, ഭക്ഷണ സാധനങ്ങളുടെ പരിശോധന, ആരോഗ്യ പരിശോധനകൾ, ഹെൽത്ത് കാർഡ് രജിസ്ട്രേഷൻ, രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള ഡിജിലോക്കർ രജിസ്ട്രേഷൻ, തുടങ്ങി വിവിധ സേവനങ്ങളിൽ മേളയിൽ ലഭ്യമാക്കും. പുസ്തക മേള, കുട്ടികൾക്കായുള്ള എന്റർടെയിൻമെന്റ് ഏരിയ, ആക്ടിവിറ്റി സോണുകൾ, ഇസ്പോർട്സ് സോൺ തുടങ്ങിയവയും മേളയുടെ ഭാഗമായി സജ്ജീകരിക്കും. കാർഷിക ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, ചെടികൾ, പക്ഷികൾ, പ്രത്യേക ഇനം വളർത്തുമൃഗങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും മേളയുടെ ഭാഗമായി നടക്കും. ദുരന്തനിവാരണം, മയക്കുമരുന്നിനെതിരായ പ്രതിരോധം, വിദ്യാർഥികൾക്കായുള്ള കരിയർ വിദ്യാഭ്യാസ ഗൈഡൻസ്, കൗൺസലിംഗ്, വിവിധ സെമിനാറുകൾ, പാനൽ ചർച്ചകൾ എന്നിവയും എന്റെ കേരളം മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

ഇതിനു പുറമെ, കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന സരസ് മേളയുടെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുമായി മുന്നോറോളം വിപണന സ്റ്റാളുകളും ബീച്ചിൽ ഒരുക്കും. വിദേശരാജ്യങ്ങളിൽ നിന്നുള്ള രുചിവൈവിധ്യങ്ങൾ ഉൾപ്പെടെയുള്ള വിശാലമായ ഫുഡ് കോർട്ടും എല്ലാ ദിവസവും കലാ സംഗീത പരിപാടികളും മേളയുടെ ഭാഗമായി ഒരുക്കും.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സബ് കലക്ടർ ഹർഷിൽ ആർ മീണ, ജില്ലാ പോലീസ് മേധാവി അരുൺ കെ പവിത്രൻ, എഡിഎം സി മുഹമ്മദ് റഫീക്ക്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സിപി അബ്ദുൽ കരീം, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

# ഫാം ടൂറിസം പദ്ധതിയുമായി മണിയൂർ പഞ്ചായത്ത്

**കോഴിക്കോട്:** ജില്ലയിലെ നെല്ലറയായ ചെരണ്ടത്തൂർ ചിറയിൽ ഫാം ടൂറിസം പദ്ധതിയുമായി മണിയൂർ ഗ്രാമപഞ്ചായത്ത്. പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 2) വൈകുന്നേരം നാല് മണിക്ക് കെ പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം എൽ എ നിർവഹിക്കും. മണിയൂർ പഞ്ചായത്ത് പ്രസിഡന്റ് ടി കെ അഷ്റഫ് അധ്യക്ഷത വഹിക്കും.കുറ്റ്യാടി പുഴയുടെ ഓരത്തായി സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തിയാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. പ്രകൃതിക്കും നെൽകൃഷിക്കും ദോഷം ചെയ്യാത്ത രീതിയിൽ ഇക്കോ ടൂറിസം പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ചെരണ്ടത്തൂർ ചിറയിലെ പ്രധാന നടുത്തോടിലെ വരമ്പുകൾ കയർ



ഭൂവ വസ്ത്രം ഉപയോഗിച്ച് ഗതാഗത യോഗ്യമാക്കുക, നടുതോട്ടിലൂടെ യാത്രക്കായി പെഡൽ ബോട്ടുകൾ, അലങ്കാരവിളക്കുകൾ, സെൽഫി പോയിന്റ്, ഏറുമാടം, വിനോദസഞ്ചാരികൾക്ക് ആവശ്യമായ ഹട്ടുകൾ എന്നിവയാണ് ഒരുക്കുക.

പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന്റെ 50 ലക്ഷം, എം എൽ എ ഫണ്ടിൽ നിന്നും 25 ലക്ഷം, പഞ്ചായത്ത് വിഹിതമായ 25 ലക്ഷം ഉൾപ്പടെ ഒരു കോടി രൂപക്കാണ് പദ്ധതി യാഥാർത്ഥ്യമാക്കുക. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്കാണ് കരാർ.

# ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത കോൾ സെന്റർ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** സംസ്ഥാന ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത ടോൾ ഫ്രീ നമ്പരായ 1950 ന്റെ ഉദ്ഘാടനം ചീഫ് ഇലക്ട്രൽ ഓഫീസർ രത്തൻ യു. കേൽക്കർ കേരള സ്റ്റേറ്റ് ഐടി മിഷനിൽ നിർവഹിച്ചു. ഐടി മിഷൻ ഡയറക്ടർ സന്ദീപ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ചീഫ് ഇലക്ട്രൽ ഓഫീസർമാരായ ഷർമിള. സി, കൃഷ്ണദാസൻ പി, അനീഷ് റ്റി, ഇഗവേർണൻസ് ഹെഡ് എസ് സനോബ് എന്നിവർ പങ്കെടുത്തു. ഇലക്ഷൻ വകുപ്പിന്റെ ജില്ലാ തലത്തിലുള്ള കോൾ സെന്ററുകൾ തെരഞ്ഞെടുപ്പ് സമയത്തും സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ സമയത്തും മാത്രമാണ് പ്രവർത്തിച്ചിരുന്നത്. സംസ്ഥാന/ ജില്ലാ തലങ്ങളിൽ പ്രവർത്തിച്ചിരുന്ന കോൾ സെന്ററുകൾ ഏകീകരിച്ച് 1950 എന്ന ഒറ്റ ടോൾ ഫ്രീ നമ്പരിലേക്ക് മാറുന്നതിന്റെ അടിസ്ഥാനത്തിലാണ് ഐ.ടി മിഷന്റെ മേൽനോട്ടത്തിൽ സെന്റർ പ്രവർത്തനം ആരംഭിച്ചത്. 1950 ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ, ലോകസഭ/ രാജ്യസഭ/ നിയമസഭ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാകും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്കും സംശയ ദുരീകരണങ്ങൾക്കും പൊതുജനങ്ങൾ 1950 ടോൾ ഫ്രീ നമ്പർ പ്രയോജനപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. സംസ്ഥാന ഇലക്ഷൻ കമ്മീഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ 1950 ടോൾ ഫ്രീ നമ്പരിലൂടെ ലഭ്യമാകില്ല.

# വിഷു ബമ്പർ വിപണിയിലെത്തി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ വിഷു ബമ്പർ (ബി ആർ 103) ഭാഗ്യക്കുറി വിപണിയിൽ എത്തി. 12 കോടി രൂപയാണ് ഇത്തവണത്തെ വിഷു ബമ്പറിന് ഒന്നാം സമ്മാനമായി നിശ്ചയിച്ചിട്ടുള്ളത്. ആറ് സീരിസുകളിലായി വില്പനക്കെത്തിയ വിഷു ബമ്പറിന്റെ രണ്ടാം സമ്മാനം ഒരു കോടി രൂപ വീതം ആറു സീരീസുകളിലും നൽകും. മൂന്ന്, നാല് സമ്മാനങ്ങളും ഇതേ പ്രകാരം യഥാക്രമം 10 ലക്ഷം, 5 ലക്ഷം എന്ന ക്രമത്തിലും ലഭിക്കും.
ടിക്കറ്റൊന്നിന് 300 രൂപ വിലയുള്ള വിഷുബമ്പറിൽ 5,000 മുതൽ 300 രൂപയിൽ അവസാനിക്കുന്ന ചെറിയ സമ്മാനങ്ങളും ഉണ്ട്. മെയ് 28 ന് ഉച്ചതിരിഞ്ഞ് രണ്ടു മണിക്കാണ് നറുക്കെടുപ്പ്.

# തൊഴിലുറപ്പ് പദ്ധതി : പരിസ്ഥിതി സംരക്ഷണത്തിനു പ്രാധാന്യം നൽകി മൂവാറ്റുപുഴ ബ്ലോക്ക്

**കൊച്ചി:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 20252026 സാമ്പത്തിക വർഷം പരിസ്ഥിതിയോട് ചേർന്ന് നിൽക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്നത്.

വാളകം ഗ്രാമപഞ്ചായത്തിൽ നാലാം വാർഡിലെ ഒറച്ചിറ തെങ്ങനാം കുടിതാഴം തോട് കയർ ഭൂവസ്ത്രമുപയോഗിച്ച് സംരക്ഷിക്കുന്ന പ്രവർത്തിയുടെ ഉദ്ഘാടനം നിർവഹിച്ച് ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.ജി രാധാകൃഷ്ണൻ തുടക്കമിട്ടു.2025  2026 സാമ്പത്തിക വർഷത്തിൽ പ്ലാന്റേഷൻ വർക്കുകൾ ഉൾപ്പെടുത്തി റബ്ബർ, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളുടെ നടീലും പരിപാലനവും ഉൾപ്പെടെയുള്ള പരിസ്ഥിതിയോട് ചേർന്ന് നിൽക്കുന്ന ഭൂസംരക്ഷണത്തിന് ഊന്നൽ നൽകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പരിപാടിയിൽ വാളകം പഞ്ചായത്ത് പ്രസിഡൻറ് കെ. പി എബ്രഹാം അധ്യക്ഷത വഹിച്ചു. , വൈസ് പ്രസിഡന്റ് മോൾസി എൽദോസ്, വാർഡ് മെമ്പർ രജിത സുധാകരൻ, മെമ്പർമാരായ ലിസി എൽദോസ് , പി എൻ മനോജ് ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ടി.വി പ്രശാന്ത് , പഞ്ചായത്ത് സെക്രട്ടറി പി. എം ജയരാജ് , മുൻ പഞ്ചായത്ത് പ്രസിഡന്റുമാരായ സി.വൈജോളി മോൻ , ബിനോ കെ ചെറിയാൻ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ. പി ലീപ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യം തള്ളിയാൽ ലക്ഷങ്ങൾ പിഴയീടാക്കുമെന്ന് മുന്നറിയിപ്പ്

**കൊല്ലം:** തെക്കുംഭാഗം പഞ്ചായത്തിലെ ജലസ്രോതസുകൾ മലിനമാക്കിയാൽ രണ്ടു ലക്ഷം രൂപ പിഴയീടാക്കാൻ തീരുമാനം. പൊതുസ്ഥലത്ത് മാലിന്യംനിക്ഷേപിച്ചതായി കണ്ടെത്തിയാൽ 5000 മുതൽ 50000 രൂപവരെ പിഴയും ഈടാക്കും;  നിയമനടപടികളും സ്വീകരിക്കും. മാലിന്യമുക്ത സീറോ വേസ്റ്റ് ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ച സാഹചര്യത്തിൽ പൊതു ഇടങ്ങൾ, നിരത്തുകൾ, പാതയോരങ്ങൾ, ഒഴിഞ്ഞ സ്ഥലങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യംനിക്ഷേപിക്കുന്നത് നിരോധിച്ചതായി സെക്രട്ടറി അറിയിച്ചു.

ജൈവ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ സംസ്കരിക്കണം.  അജൈവ മാലിന്യങ്ങൾ നിശ്ചിത ഉപയോക്തൃഫീസ് നൽകി ഹരിതകർമ്മസേനയ്ക്ക് കൈമാറണം. യൂസർഫീസ് നൽകാത്തവർക്കെതിരെ നടപടി സ്വീകരിക്കും. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതും വിറ്റഴിക്കുന്നതും ശിക്ഷാർഹമാണ്. വ്യാപാര സ്ഥാപനങ്ങളുടെ മുൻപിൻവശങ്ങൾ വൃത്തിയായിസൂക്ഷിക്കണം.

## അഡ്വ. സംഗീത വിശ്വനാഥൻ സ്പൈസസ് ബോർഡ് ചെയർപേഴ്സൺ



**കൊച്ചി:** കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രാലയത്തിന് കീഴിലെ സ്പൈസസ് ബോർഡ് ചെയർപേഴ്സണായി അഡ്വ. സംഗീത വിശ്വനാഥൻ ചുമതലയേറ്റു.
എസ് എൻ ഡി പി യോഗം വനിതാ സംഘം കേന്ദ്രസമിതി സെക്രട്ടറി, ബി.ഡി.ജെ.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിക്കുന്നു.
തൃശൂർ കൂർക്കഞ്ചേരി സ്വദേശിനിയായ അഡ്വ. സംഗീത വിശ്വനാഥൻ കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് എൽ എൽ ബിയും എം.ജി സർവ്വകലാശാലയിൽ നിന്ന് എൽ.എൽ.എമ്മും നേടി. കുടുംബ, തൊഴിൽ, സിവിൽ, ക്രിമിനൽ നിയമങ്ങളിൽ പ്രാവീണ്യം നേടി തൃശൂർ കോടതികളിലും, കേരള ഹൈക്കോടതിയിലും അഭിഭാഷകയായി പ്രവർത്തിക്കുന്നു.

## ഒടിടിപ്ലേ 2025 അവാർഡ്: തിളക്കത്തോടെ മലയാളി താരങ്ങൾ




**കൊച്ചി:** മലയാള സിനിമയുടെ അഭിമാന താരങ്ങളായ പാർവതി തിരുവോത്ത്, നിമിഷ സജയൻ, കനി കുസൃതി, നീരജ് മാധവ് എന്നിവർക്ക് ഒടിടിപ്ലേ 2025 അവാർഡ്സിൽ അംഗീകാരം. മുംബൈ ജെഡബ്ലിയു മാരിയറ്റിൽ നടന്ന ഒടിടിപ്ലേ 2025 അവാർഡ്സിൽ, മികച്ച ഒടിടി പ്രകടനങ്ങൾക്കാണ് അംഗീകാരം.ഒടിടിപ്ലേ അവാർഡിന്റെ മൂന്നാം പതിപ്പിൽ വെർസറ്റൈൽ പെർഫോർമർ ഓഫ് ദി ഇയർ ആയി കനി കുസൃതിയെ തിരഞ്ഞെടുത്തു. കനിയുടെ ഓൾ വി ഇമാജിൻ ആസ് ലൈറ്റ് എന്ന ചിത്രം നേരത്തെ പല അന്താരാഷ്ട്ര അംഗീകാരങ്ങളും നേടിയിരുന്നു.
ഗേൾസ് വിൽ ബി ഗേൾസ്, പോച്ചർ, നാഗേന്ദ്രൻസ് ഹണിമൂൺ തുടങ്ങിയവയിലെ കനിയുടെ പ്രകടനങ്ങൾക്കാണ് അവാർഡ് ലഭിച്ചത്.മനോരഥങ്ങളിലെ പ്രകടനത്തിലൂടെ പാർവതി തിരുവോത്ത് മികച്ച നടിക്കുള്ള ക്രിട്ടിക്സ് അവാർഡും സ്വന്തമാക്കി. പോച്ചർ സീരീസിലൂടെ നിമിഷ സജയൻ വെബ് സീരീസിലെ മികച്ച നടിക്കുള്ള അവാർഡും നേടി. നിമിഷയുടെ കൂടെ ഡബ്ബാകാർട്ടൽ എന്ന വെബ് സീരീസിൽ അഭിനയിച്ച ജ്യോതികയാണ് നടിക്ക് അവാർഡ് സമ്മാനിച്ചത്. ഫാമിലിമാൻ സീരീസിന്റെ ആദ്യ സീസണിലൂടെ തന്റെ ഒടിടി അരങ്ങേറ്റം ഗംഭീരമാക്കിയ നീരജ് മാധവ്, മലയാളത്തിലെ തന്റെ ആദ്യ സീരീസായ ലവ് അണ്ടർ കൺസ്ട്രക്ഷനിലെ അഭിനയത്തിനാണ് ബെസ്റ്റ് ആക്ടർ ഇൻ എ കോമഡി അവാർഡിന് അർഹനായത്. ബെസ്റ്റ് ആക്ടർ മെയിൽ (പോപ്പുലർ) അവാർഡ് മനോജ് ബാജ്പേയി നേടിയപ്പോൾ, മികച്ച കോമഡി വിഭാഗത്തിലെ പുരസ്കാരം പ്രിയാമണിയും നേടി. രാജ്യത്തെ ഏറ്റവും മികച്ച സിനിമസീരീസ് പ്രകടനങ്ങളെ വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്യുന്ന പ്രധാന പാൻഇന്ത്യ പുരസ്കാരമാണ് ഒടിടിപ്ലേ അവാർഡ്സ്.

## ഓട്ടിസം ദിനാചരണം : ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ച് സഹൃദയ

**കൊച്ചി:** ഓട്ടിസം ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെയും ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ തുറവൂർ സാൻജോ സദൻ, കൂനമ്മാവ് സെന്റ്. ജോസഫ് ഫാത്തിമ, കിടങ്ങൂർ സെന്റ്. അൽഫോൻസ, ചാലക്കുടി ശാന്തിഭവൻ എന്നീ ഇൻക്ലൂസിസ് ഐ.ടി സ്കില്ലിംഗ് സെന്ററുകളിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമായി ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ആലുവ മെട്രോ സ്റ്റേഷനിൽ വച്ച് അൻവർ സാദത്ത് എം.എൽ.എ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ ഓട്ടിസം ദിന ബോധവത്കരണ സന്ദേശം നൽകി. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, വൈസ് പ്രസിഡന്റ് എൽസി ജോർജ് കൗൺസിലർമാരായ ഷാരോൺ പനക്കൽ, ദീപു കുഞ്ഞുകുട്ടി, സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയമ്പിള്ളി എന്നിവർ സംസാരിച്ചു. ആലുവ മെട്രോ സ്റ്റേഷനിൽ നിന്നും വൈറ്റില മെട്രോ സ്റ്റേഷനിലേക്ക് ട്രെയിനിലും മറൈൻഡ്രൈവിൽ നിന്നും ഫോർട്ട് കൊച്ചിയിലേക്ക് വാട്ടർ മെട്രോയിലും യാത്ര നടത്തി. തുടർന്ന് കുട്ടികളുമായി എറണാകുളം പോലീസ് കമ്മീഷണർ ഓഫീസ് സന്ദർശിച്ചു.

# മാലിന്യനിർമാർജ്ജനരംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കാൻ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്തെ മാലിന്യനിർമാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കാൻ വൃത്തി കോൺക്ലേവിനോടനുബന്ധിച്ച് നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കും. ഏപ്രിൽ 11ന് മാസ്കോട്ട് ഹോട്ടലിൽ വച്ചാണ് ഒരുദിവസം നീളുന്ന ബിസിനസ് മീറ്റുകൾ നടത്തുക. രാവിലെ 9.30 ന് വ്യാവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉത്ഘാടനം ചെയ്യും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അദ്ധ്യക്ഷത വഹിക്കും.നിക്ഷേപകരും സ്ഥാപനങ്ങളും സ്റ്റാർട്ടപ്പുകളും മാലിന്യനിർമാർജ്ജനവുമായി ബന്ധപ്പെട്ട് വികസിപ്പിച്ചിട്ടുള്ള സാങ്കേതികവിദ്യകളുടേയും മറ്റും അവതരണവും ഇവയുടെ സാധ്യതകളുമാണ് ബിസിനസ് മീറ്റിൽ ചർച്ച ചെയ്യുക. ഖരമാലിന്യ സംസ്കരണം, ദ്രവ മാലിന്യ സംസ്കരണം, നിർമാണ മേഖലയിലെ മാലിന്യങ്ങൾ, സാനിട്ടറി മാലിന്യങ്ങൾ, ഇ മാലിന്യങ്ങൾ എന്നിവയുടെ നിർമാർജ്ജനത്തിനാണ് കൂടുതൽ ഊന്നൽകൊടുക്കുന്നത്. ഒപ്പം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഡിജിറ്റൽ ഇന്നൊവേഷനുകളും സെഷനുകളിൽ ചർച്ചചെയ്യും.

മാലിന്യസംസ്കരണ രംഗത്തെ നിക്ഷേപ സാധ്യതകൾ, സ്റ്റാർട്ടപ്പുകളുടെ പങ്ക് എന്നിങ്ങനെ രണ്ടു സെഷനുകളായിട്ടാണ് മീറ്റ് നടക്കുക. പങ്കെടുക്കുന്ന കമ്പനികൾക്ക് സർക്കാർ മേഖലയിലും സ്വകാര്യ നിക്ഷേപകർ വഴിയും തേടാവുന്ന സാധ്യതകൾ ചർച്ച ചെയ്യപ്പെടും. അതോടൊപ്പം മാലിന്യം കൈകാര്യം ചെയ്യുന്നതിലും പുനഃചംക്രമണം, സുസ്ഥിര പരിഹാര മാർഗങ്ങൾ എന്നിവയിലുമുള്ള സാധ്യതകളും പരിശോധിക്കും. ഈ രംഗവുമായി ബന്ധപ്പെട്ടുള്ള സർക്കാർ നയങ്ങൾ, ഇൻസെന്റീവുകൾ, നിയമപരമായ ചട്ടക്കൂടുകൾ തുടങ്ങിയവയ്ക്കൊപ്പം നിലവിലുള്ള സാങ്കേതികവിദ്യകളേയും സുസ്ഥിര മാതൃകകളേയും പറ്റി കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും മനസ്സിലാക്കുന്നതിനുള്ള പരിപാടി കൂടിയായിരിക്കും ബിസിനസ് മീറ്റുകൾ. ഏപ്രിൽ 9 മുതൽ 13 വരെയാണ് വൃത്തി കോൺക്ലേവ് നടക്കുന്നത്.



# വയനാട്ടിൽ പുനരധിവാസ പദ്ധതിയിക്ക് തുടക്കം കുറിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന വയനാട്ടിലെ പുനരധിവാസ പദ്ധതിക്ക് തുടക്കം കുറിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി വഴിയാണ് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്. 298 പേരുടെ ജീവനെടുക്കുകയും ആയിരങ്ങളെ ബാധിക്കുകയും ചെയ്ത 2024 ജൂലൈ 30ലെ ഉരുൾപൊട്ടലിൽ അകപ്പെട്ട കുടുംബങ്ങളുടെ ജീവിതം പുനസ്ഥാപിക്കാനുള്ള മഹത്തായ ശ്രമങ്ങൾക്കാണ് വയനാട്ടിൽ തുടക്കമാകുന്നത്. കൽപറ്റയിൽ 64 ഹെക്ടറിലായാണ് പദ്ധതി. ഇവിടെ ആധുനിക സൗകര്യങ്ങളോടെയുള്ള ടൗൺഷിപ്പിൽ ഗുണഭോക്താക്കൾക്ക് ഏഴു സെൻറു വീതമുള്ള ഭൂമിയിൽ ആയിരം ചതുരശ്ര അടിയിലുള്ള രണ്ടു കിടപ്പു മുറികൾ വീതമുള്ള വീടുകളാണ് നൽകുന്നത്.

കൽപറ്റ ബൈപാസിനു സമീപം എൽസ്റ്റൺ എസ്റ്റേറ്റിൽ നടത്തിയ ചടങ്ങിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിക്കു തറക്കല്ലിട്ടു. മന്ത്രിമാരായ കെ രാജൻ, ഒ ആർ കേളു, രാമചന്ദ്രൻ കടന്നപ്പള്ളി,പി എ മുഹമ്മദ് റിയാസ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി, പ്രിയങ്ക വാദ്ര എംപി ടി സിദ്ദിഖ് എംഎൽഎ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.പുനരധിവാസ പ്രവർത്തനങ്ങൾക്കായി സംഭാവനകൾ നൽകാൻ ജനങ്ങളെ സഹായിക്കന്ന വിധത്തിൽ പോർട്ടലും മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കി. വീടുകൾ നിർമിക്കുന്നതിനും അപ്പുറം സമഗ്ര ക്ഷേമത്തിനെ പിന്തുണക്കുന്നതാണ് ഈ ടൗൺഷിപ്. ലബോറട്ടി, ഫാർമസി, പരിശോധനാ, നിരീക്ഷണ മുറികൾ, മൈനർ ഓപറേഷൻ തീയ്യറ്റർ, ഒപി ടിക്കറ്റ് കൗണ്ടർ തുടങ്ങിയവയുള്ള പൂർണ സൗകര്യമുള്ള ആരോഗ്യ കേന്ദ്രം വഴി ഇവിടെ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കും. ആധുനിക അംഗൻവാടിയിൽ കളിക്കുവാനുള്ള സൗകര്യം, ഭക്ഷണം കഴിക്കാനുള്ള സംവിധാനം, സാധനങ്ങൾ ശേഖരിക്കാനുള്ള ഇടം, അടുക്കള തുടങ്ങിയവ ഉണ്ടാകും. പൊതു മാർക്കറ്റിൽ കടകൾ, സ്റ്റാളുകൾ, ഓപൺ മാർക്കറ്റ് സ്ഥലം, കുട്ടികൾക്കായുള്ള കളി സ്ഥലം, പാർക്കിങ് സൗകര്യം തുടങ്ങിയവ ഉണ്ടാകും. കമ്യൂണിറ്റി സെൻററിൽ സാമൂഹ്യ, സാംസ്ക്കാരിക ജീവിതം ഊർജ്ജസ്വലമാക്കാനുള്ള സൗകര്യങ്ങളുണ്ടാകും. മൾട്ടി പർപ്പസ് ഹാൾ, ലൈബ്രറി, സ്പോർട്ട്സ് ക്ലബ്ബ്, പ്ലേ ഗ്രൗണ്ട്, ഓപൺ എയർ തീയ്യറ്റർ തുടങ്ങിയവയും ഇവിടെയുണ്ടാകും.

# പാർക്ക് മെഡി വേൾഡ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പാർക്ക് ബ്രാൻഡിന് കീഴിൽ 13 എൻഎബിഎച്ച് അംഗീകൃത മൾട്ടിസൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ നടത്തുന്ന വടക്കേ ഇന്ത്യയിലെ രണ്ടാമത്തെ വലിയ സ്വകാര്യ ആശുപത്രി ശൃംഖലയായ പാർക്ക് മെഡി വേൾഡ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.രണ്ട് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 1260 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 960 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 300 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, സിഎൽഎസ്എ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇൻറൻസീവ് ഫിസ്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഓപ്പോ എഫ് 29 5ജി സീരീസ് സ്മാർട്ട്ഫോൺ പുറത്തിറക്കി

**കൊച്ചി:** ഡ്യൂറബിൾ സ്മാർട്ട് ഫോൺ ഓപ്പോ എഫ് 29 5ജി സീരീസ് അവതരിപ്പിച്ചു. ഓപ്പോ എഫ്29 5ജി സീരീസിൽ, ഓപ്പോ എഫ്29 5ജി, ഓപ്പോ എഫ് 29 പ്രോ 5ജി എന്നിങ്ങനെ രണ്ട് മോഡലുകളാണ് പുറത്തിറക്കിയിരിക്കുന്നത്. ഓപ്പോ എഫ്29 5ജിയുടെ വിൽപ്പന മാർച്ച് 27ന് മുതൽ ആരംഭിച്ചു.സോളിഡ് പർപ്പിൾ, ഗ്ലേസിയർ ബ്ലൂ എന്നീ രണ്ട് ആകർഷകമായ കളർ വേരിയന്റുകളിലാണ് ഓപ്പോ എഫ്29 5ജി പുറത്തിറക്കിയി രിക്കുന്നത്. 8 ജിബി റാമും 128 ജിബി സ്റ്റോ റേജുമുള്ള മോഡലിന് 23,999 രൂപയാണ് വില 256 ജിബി സ്റ്റോറേജുള്ള ഉയർന്ന വേരിയന്റ് തിരഞ്ഞെടുക്കുകയാണെങ്കിൽ 25,999 രൂപയായിരിക്കും വില എച്ച്ഡിഎഫ്സി, ആക്സിസ്, എസ്ബിഐ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് വാങ്ങുകയാണെ ങ്കിൽ 10 ശതമാനം വിലക്കിഴിവ് ഉടൻ ലഭിക്കുമെന്ന് ഓപ്പോ ഇന്ത്യയുടെ പ്രൊഡക്റ്റ് കമ്യൂണിക്കേഷൻസ് മേധാവി സാവിയോ ഡിസൂസ പറഞ്ഞു.'ഓപ്പോ എഫ് 29 5ജി ഇന്ത്യയ്ക്കായി നിർമിച്ചതാണ് ശക്തി, കണക്റ്റിവിറ്റി, പ്രകടനം എന്നിവ സമന്വയിപ്പിക്കുന്ന യഥാർത്ഥ ഡ്യൂറബിൾ ചാമ്പ്യനാണ് ഓപ്പോ എഫ് 29 5ജി സീരിസ്. മികച്ച ഐപി റേറ്റിംഗുകളും മിലിട്ടറിഗ്രേഡ് ദൃഢതയും മുതൽ വിപ്ലവകരമായ ഹണ്ടർ ആന്റിനയും ഭീമൻ ബാറ്ററികളും വരെ എല്ലാ വശങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് ഡിവൈസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും സാവിയോ ഡിസൂസ പറഞ്ഞു.



## പ്രോസീൽ ഗ്രീൻ എനർജി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ നാലാമത്തെ വലിയ സോളാർ ഇപിസി കമ്പനിയായ പ്രോസീൽ ഗ്രീൻ എനർജി ലിമിറ്റഡ് പ്രാഥമിക ഓഹരി വില്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. രണ്ട് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 700 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.350 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 350 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ

## മുന്തിരിച്ചാർ അവതരിപ്പിച്ചു

**കോഴിക്കോട്:** മലബാറി ബാംഗറിന്റെ വിജയത്തിനു ശേഷം, ഹൈഎനർജി ട്രാക്കുമായി എം.എച്ച്.ആറും ജോക്കർ390പിയും. മുന്തിരിച്ചാർ എന്ന് പേരിട്ടിട്ടുള്ള ട്രാക്ക് ഇപ്പോൾ എല്ലാ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണെന്ന് അധികൃതർ അറിയിച്ചു. കേരളത്തിന്റെ സമ്പന്നമായ സംഗീത പാരമ്പരത്തെ ആധുനിക സംഗീവുമായി സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന 'മുന്തിരിച്ചാർ' ആത്മവിശ്വാസവും വക്തിപ്രഭാവവും പ്രതിഫലിപ്പിക്കുന്നതും എവിടെയും മുന്നിൽ നിർത്തുകയും ചെയ്യുന്ന ഒരു പ്രചോദനാത്മക ഗാനമാണെന്നും ഇവർ പറഞ്ഞു.



## നേട്ടം നിലനിർത്തി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ്

**കൊച്ചി:** 2025 സാമ്പത്തിക വർഷത്തിലും ഇന്ത്യയിലെ ഇലക്ട്രിക് വാണിജ്യ വാഹന നിർമാതാക്കളിൽ ഒന്നാം സ്ഥാനം നിലനിർത്തി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ). തുടർച്ചയായ നാലാം വർഷമാണ് മുൻനിര വാണിജ്യ ഇലക്ട്രിക് വാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് വിപണിയിൽ ആധിപത്യം ഉറപ്പാക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഫ്ളാഗ്ഷിപ്പ് ബ്രാൻഡുകളായ ട്രിയോ, സോർ ഗ്രാൻഡ് എന്നിവയിലൂടെ എൽ5 വിഭാഗത്തിൽ വൈദ്യുതി വാഹനങ്ങൾ പുറത്തിറക്കിയ എംഎൽഎംഎംഎൽ, ഈ വിഭാഗത്തിൽ ആകെ നിർമാണത്തിൻറെ 24.2% പങ്കാളിത്തവും സ്വന്തമാക്കി. 2024 സാമ്പത്തിക വർഷത്തിൽ 16.9 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ വർധനവാണ് ഈ നേട്ടത്തിൽ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് നേടിയത്. പരമ്പരാഗതപുതുനിര കമ്പനികളിൽ നിന്നും കടുത്ത മത്സരം ഉണ്ടായിരുന്നിട്ടും, എൽ5 വിഭാഗത്തിൽ 37.3% വിപണി വിഹിതം നേടാനും എംഎൽഎംഎംഎലിന് സാധിച്ചു.

വിൽപനയിലും നിർമാണത്തിലും നിർണായകമായ നാഴികക്കല്ലുകളും മഹീന്ദ്ര കുറിച്ചു. രണ്ട് ലക്ഷത്തിലധികം വാണിജ്യ ഇലക്ട്രിക് വാഹനങ്ങൾ വിൽക്കുന്ന ആദ്യ കമ്പനിയെന്ന നേട്ടമാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇന്ത്യയിലെ ഒന്നാം നമ്പർ ഇലക്ട്രിക് ഓട്ടോയായ ട്രിയോയുടെ ഒരു ലക്ഷത്തിലധികം യൂണിറ്റുകൾ വിറ്റഴിക്കാനും കമ്പനിക്കായി. 2025 സാമ്പത്തിക വർഷത്തിൽ മെറ്റൽ ബോഡിയുള്ള ട്രിയോയും, ആദ്യത്തെ 4 വീലർ ഇലക്ട്രിക് എസ്സിവിയായ മഹീന്ദ്ര സിയോയും പുറത്തിറക്കിയതിലൂടെ അതിൻറെ ഉത്പന്ന നിരയും എംഎൽഎംഎംഎൽ വിപുലീകരിച്ചു. 4 വീലർ കാർഗോ ഇലക്ട്രിക് വാഹനങ്ങളുടെ നിർമാണവും ഇതിനകം മഹീന്ദ്ര ആരംഭിച്ചിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

